# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1134.

13.12.2012 ൽ മറുപടിക്ക്

## അഡീഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാം

**ചോദ്യം**

ശ്രീ.കെ. അജിത് :

**ഉത്തരം**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാമിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകി വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് അഡിഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാം. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പഠനത്തിനു ചേർന്നിട്ടുള്ള കുട്ടികൾക്ക് പഠനത്തോടൊപ്പം അധികമായി നൈപുണികൾ സൃഷ്ടിച്ച് തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരാക്കി തീർക്കാൻ ഈ പദ്ധതി വഴി സാധിക്കും.<br><br>ഹയർ സെക്കണ്ടറി തലത്തിലും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ഒന്നാം വർഷം പഠനത്തിനു ചേരുന്ന കുട്ടികൾക്കാണ് ഇപ്പോൾ നൈപുണി വികസനത്തിനുള്ള പരിശീലനം നൽകുക. |
| (ബി) | ഇതിലൂടെ ഏത് രീതിയിലുള്ള പ്രവൃത്തി പരിചയമാണ് ഉദ്ദേശിക്കുന്നത് ; | (ബി) | തൊഴിൽ സാദ്ധ്യതയുള്ള മേഖലയിൽ ആവശ്യമുള്ള പ്രവൃത്തി പരിചയം ഉൾപ്പെട്ട പരിശീലനം ആണ് നൽകാൻ ഉദ്ദേശിക്കുന്നത് |
| (സി) | എ.എസ്.എ.പി. നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (സി) | 140 നിയോജക മണ്ഡലങ്ങളിൽ നിന്നും നിയമസഭാ സാമാജികർ തിരഞ്ഞെടുത്ത സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് ഈ വർഷം എ.എസ്.എ.പി. നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നത് |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഹയർ സെക്കന്ററി തലത്തിൽ ഇതുവരെ ഏതെങ്കിലും തരത്തിലുള്ള ട്രെയിനിംഗ് കൊടുത്തിട്ടുണ്ടോ ; | (ഡി) | തിരഞ്ഞെടുത്ത പരിശീലകർ വഴിയാണ് പരിശീലനം നൽകുന്നത് എന്നതിനാൽ ഹയർ സെക്കണ്ടറി തലത്തിൽ ട്രെയിനിംഗ് നൽകിയിട്ടില്ല . |
| (ഇ) | പ്രസ്തുത പ്രോഗ്രാം അഖിലേന്ത്യാ തലത്തിലുള്ളതാണോ അഥവാ സംസ്ഥാന സർക്കാരിന്റേതുമാത്രമായ പദ്ധതിയാണോയെന്ന് വ്യക്തമാക്കുമോ ? | (ഇ) | സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണിത്. എന്നാൽ ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ